**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ**
കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10
ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org

| തിരുവനന്തപുരം | **പത്രക്കുറിപ്പ്** | 2010 ഒക്ടോബർ 19 |
|---|---|---|

## കേന്ദ്ര ഇലക്ട്രിസിറ്റി നിയമത്തിലെ 130-ാം വകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന പൊതുനോട്ടീസ്

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിയന്ത്രണത്തിലുള്ള ലൈസൻസികളിലൊന്നായ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ലൈസൻസിംഗ് വ്യവസ്ഥകൾക്കനുസരിച്ചുള്ള ലൈസൻസ് ഫീസ് ഒടുക്കുന്നില്ല. ഇത് കമ്മീഷന്റെ നിയമാനുസൃത ചുമതലകൾ നിർവ്വഹിക്കുന്നതിന് വിഘാതവും അതോടൊപ്പം ലൈസൻസിംഗ് വ്യവസ്ഥകളുടെ ലംഘനവുമാണ്. ഇന്ത്യയിലെ മറ്റെല്ലാ സമാന ലൈസൻസികളും ലൈസൻസ് ഫീ അടയ്ക്കുന്നുണ്ട്. അതുകൊണ്ട് 2003 ലെ കേന്ദ്ര ഇലക്ട്രിസിറ്റി നിയമത്തിലെ 129-ാം വകുപ്പനുസരിച്ച് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലൈസൻസി ഫീ അടക്കണമെന്ന വ്യവസ്ഥ നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ കമ്മീഷൻ തീരുമാനിച്ചിരിക്കുകയാണ്. അതനുസരിച്ചുള്ള പൊതുനോട്ടീസിന്റെ വിശദരൂപം കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ പൊതുജനങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും 15 ദിവസത്തിനുള്ളിൽ സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻ പിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്.

**സെക്രട്ടറി**

KSERC/PR/17/2010